# വീണ പൂവ്

## രചന: എൻ. കുമാരനാശാൻ (1907)

http://ml.wikisource.org/wiki/Veena_Poovu

1907 ഡിസംബറിൽ ആണ് കുമാരനാശാൻ വീണപൂവ് 'മിതവാദി' പത്രത്തിൽ പ്രസിദ്ധീകരിച്ചത്. മലയാള കാവ്യാന്തരീക്ഷത്തിൽ തികച്ചും നൂതനമായൊരു അനുഭവമായിരുന്നു വീണപൂവ് എന്ന ഖണ്ഡകാവ്യം.

ഹാ! പുഷ്പമേ, അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ
ശ്രീ ഭൂവിലസ്ഥിര-അസംശയ-മിന്നു നിന്റെ-
യാഭൂതിയെങ്ങു പുനരെങ്ങു കിടപ്പിതോർത്താൽ?

1

ലാളിച്ചു പെറ്റ ലതയൻപൊടു ശൈശവത്തിൽ
പാലിച്ചു പല്ലവപുടങ്ങളിൽ വെച്ചു നിന്നെ;
ആലോലവായു ചെറുതൊട്ടിലുമാട്ടി, താരാ-
ട്ടാലാപമാർന്നു മലരേ, ദലമർമ്മരങ്ങൾ

2

പാലൊത്തെഴും പുതുനിലാവിലലം കുളിച്ചും
ബാലാതപത്തിൽ വിളയാടിയുമാടലെന്യേ
നീ ലീലപൂണ്ടിളയ മൊട്ടുകളോടു ചേർന്നു

ബാലത്വമങ്ങനെ കഴിച്ചിതു നാളിൽ നാളിൽ

3

ശീലിച്ചു ഗാനമിടചേർന്നു ശിരസ്സുമാട്ടി-
ക്കാലത്തെഴും കിളികളോടഥ മൗനമായ് നീ
ഈ ലോകതത്വവുമയേ, തെളിവാർന്ന താരാ-
ജാലത്തൊടുന്മുഖതയാർന്നു പഠിച്ചു രാവിൽ

4

ഈവണ്ണമൻപൊടു വളർന്നഥ നിന്റെയംഗ-
മാവിഷ്ക്കരിച്ചു ചില ഭംഗികൾ മോഹനങ്ങൾ
ഭാവം പകർന്നു വദനം, കവിൾ കാന്തിയാർന്നു,
പൂവേ, അതിൽ പുതിയ പുഞ്ചിരി സഞ്ചരിച്ചു.

5

ആരോമലാമഴക്, ശുദ്ധി, മൃദുത്വ,മാഭ
സാരള്യമെന്ന, സുകുമാരഗുണത്തിനെല്ലാം
പാരിങ്കലേതുപമ; ആ മൃദുമെയ്യിൽ നവ്യ-
താരുണ്യമേന്തിയൊരു നിൻ നില കാണണം താൻ.

6

വൈരാഗ്യമേറിയൊരു വൈദികനാട്ടെ,യേറ്റ-
വൈരിയ്ക്കു മുൻപുഴറിയോടിയ ഭീരുവാട്ടെ,
നേരേ വിടർന്നു വിലസീടിന നിന്നെ നോക്കി-
യാരാകിലെന്തു, മിഴിയുള്ളവർ നിന്നിരിക്കാം.

7

മെല്ലെന്നു സൗരഭവുമൊട്ടു പരന്നു ലോക-
മെല്ലാം മയക്കി മരുവുന്നളവന്നു നിന്നെ
തെല്ലോ കൊതിച്ചനുഭവാർത്ഥികൾ; ചിത്രമല്ല-

തില്ലാർക്കുമീഗുണവു, മേവമകത്തു തേനും.

8

ചേതോഹരങ്ങൾ സമജാതികളാം സുമങ്ങ-
ളേതും സമാനമഴകുള്ളവയെങ്കിലും നീ
ജാതാനുരാഗമൊരുവന്നു മിഴിക്കു വേദ്യ-
മേതോ വിശേഷസുഭഗത്വവുമാർന്നിരിക്കാം.

9

"കാലം കുറഞ്ഞ ദിനമെങ്കിലുമർത്ഥദീർഘം,
മാലേറെയെങ്കിലുമതീവ മനോഭിരാമം
ചാലേ കഴിഞ്ഞരിയ യൗവന"മെന്നു നിന്റെ-
യീ ലോലമേനി പറയുന്നനുകമ്പനീയം.

10

അന്നൊപ്പമാണഴകു കണ്ടു വരിച്ചിടും നീ-

യെന്നോർത്തു ചിത്രശലഭങ്ങളണഞ്ഞിരിക്കാം;

എന്നല്ല, ദൂരമതിൽനിന്നനുരാഗമോതി

വന്നെന്നുമാം വിരുതനങ്ങൊരു ഭൃംഗരാജൻ.

11

കില്ലില്ലയേ ഭ്രമരവര്യനെ നീ വരിച്ചു

തെല്ലെങ്കിലും ശലഭമേനിയെ മാനിയാതെ

അല്ലെങ്കിൽ നിന്നരികിൽ വന്നിഹ വട്ടമിട്ടു

വല്ലാതിവൻ നിലവിളിക്കുകയില്ലിദാനീം.

12

"എന്നംഗമേകനിഹ തീറുകൊടുത്തുപോയ് ഞാൻ

എന്നന്യകാമുകരെയൊക്കെ മടക്കിയില്ലേ?

ഇന്നോമലേ വിരവിലെന്നെ വെടിഞ്ഞിടല്ലേ"

എന്നൊക്കെയല്ലി ബത! വണ്ടു പുലമ്പിടുന്നു?

13

ഹാ! കഷ്ട,മാ വിബുധകാമിതമാം ഗുണത്താ-

ലാകൃഷ്ടനാ,യനുഭവിച്ചൊരു ധന്യനീയാൾ

പോകട്ടെ നിന്നൊടൊരുമിച്ചു മരിച്ചു; നിത്യ-

ശോകാർത്തനായിനിയിരിപ്പതു നിഷ്ഫലംതാൻ.

14

ചത്തീടുമിപ്പോഴിവനല്പവികല്പമില്ല

തത്താദൃശം വ്യസനകുണ്ഠിതമുണ്ടു കണ്ടാൽ

അത്യുഗ്രമാം തരുവിലും ബത! കല്ലിലും പോയ്

പ്രത്യക്ഷമാഞ്ഞു തല തല്ലുകയല്ലി ഖിന്നൻ?

15

ഒന്നോർക്കിലിങ്ങിവ വളർന്നു ദൃഢാനുരാഗ-

മന്യോന്യമാർന്നുപയമത്തിനു കാത്തിരുന്നു

വന്നീയപായമഥ കണ്ടളി ഭാഗ്യഹീനൻ

ക്രന്ദിക്കയാം; കഠിന താൻ ഭവിതവ്യതേ നീ!

16

ഇന്നല്ലയെങ്കിലയി, നീ ഹൃദയം തുറന്നു

നന്ദിച്ച വണ്ടു കുസുമാന്തരലോലനായി

“എന്നെച്ചതിച്ചു ശഠ”നെന്നതു കണ്ടു നീണ്ടു

വന്നേറുമാധിയഥ നിന്നെ ഹനിച്ചു പൂവേ!

17

ഹാ! പാർക്കിലീ നിഗമനം പരമാർത്ഥമെങ്കിൽ

പാപം നിനക്കു ഫലമായഴൽ പൂണ്ട വണ്ടേ!

ആപത്തെഴും തൊഴിലിലോർക്കുക മുമ്പു; പശ്ചാ-

ത്താപങ്ങൾ സാഹസികനിങ്ങനെയെങ്ങുമുണ്ടാം.

18

പോകട്ടതൊക്കെ,യഥവാ യുവലോകമേലു-

മേകാന്തമാം ചരിതമാരറിയുന്നു പാരിൽ

ഏകുന്നു വാക്പടുവിനാർത്തി വൃഥാപവാദം,

മൂകങ്ങൾ പിന്നിവ - പഴിക്കുകിൽ ദോഷമല്ലേ?

19

പോകുന്നിതാ വിരവിൽ വണ്ടിവിടം വെടിഞ്ഞു

സാകൂതമാംപടി പറന്നു നഭസ്ഥലത്തിൽ

ശോകാന്ധനായ് കുസുമചേതന പോയ മാർഗ്ഗ-

മേകാന്തഗന്ധമിതു പിൻതുടരുന്നതല്ലീ?

20

ഹാ! പാപമോമൽമലരേ ബത! നിന്റെ മേലും
ക്ഷേപിച്ചിതോ കരുണയറ്റ കരം കൃതാന്തൻ
വ്യാപാരമേ ഹനനമാം വനവേടനുണ്ടോ
വ്യാപന്നമായ് കഴുകനെന്നു, കപോതമെന്നും?

21

തെറ്റെന്നു ദേഹസുഷമാപ്രസരം മറഞ്ഞു
ചെറ്റല്ലിരുണ്ടു മുഖകാന്തിയതും കുറഞ്ഞു
മറ്റെന്തുരപ്പു? ജവമീ നവദീപമെണ്ണ-
വറ്റിപ്പുകഞ്ഞഹഹ! വാടിയണഞ്ഞുപോയി.

22

ഞെട്ടറ്റു നീ മുകളിൽനിന്നു നിശാന്തവായു
തട്ടിപ്പതിപ്പളവുണർന്നവർ താരമെന്നോ
തിട്ടം നിനച്ചു മലരേ ബത! ദിവ്യഭോഗം

വിട്ടാശു ഭുവിലടിയുന്നൊരു ജീവനെന്നോ?

23

അത്യന്തകോമളതയാർന്നൊരു നിന്റെ മേനി-

യെത്തുന്ന കണ്ടവനിതന്നെയധീരയായി

സദ്യഃസ്ഫുടം പുളകിതാംഗമിയന്നു പൂണ്ടോ-

രുദ്വേഗമോതുമുപകണ്ഠതൃണാങ്കുരങ്ങൾ.

24

അന്യൂനമാം മഹിമ തിങ്ങിയൊരാത്മതത്വ-

മെന്യേ നിലത്തു ഗതമൗക്തികശുക്തിപോൽ നീ

സന്നാഭമിങ്ങനെ കിടക്കുകിലും ചുഴന്നു

മിന്നുന്നു നിൻ പരിധിയിപ്പൊഴുമെന്നു തോന്നും.

25

ആഹാ, രചിച്ചു ചെറു ലൂതകളാശു നിന്റെ

ദേഹത്തിനേകി ചരമാവരണം ദുകൂലം

സ്നേഹാർദ്രയായുടനുഷസ്സുമണിഞ്ഞൂ നിന്മേൽ

നീഹാരശീകരമനോഹരമന്ത്യഹാരം.

26

താരങ്ങൾ നിൻ പതനമോർത്തു തപിച്ചഹോ! ക-

ണ്ണീരായിതാ ഹിമകണങ്ങൾ പൊഴിഞ്ഞിടുന്നു;

നേരായി നീഡതരുവിട്ടു നിലത്തു നിന്റെ

ചാരത്തു വീണു ചടകങ്ങൾ പുലമ്പിടുന്നു.

27

ആരോമലമാം ഗുണഗണങ്ങളിണങ്ങി ദോഷ-

മോരാതുപദ്രവമൊന്നിനു ചെയ്തിടാതെ,

പാരം പരാർത്ഥമിഹ വാണൊരു നിൻ ചരിത്ര-

മാരോർത്തു ഹൃത്തടമഴിഞ്ഞു കരഞ്ഞുപോകാ?

28

കണ്ടീ വിപത്തഹഹ! കല്ലലിയുന്നിതാടൽ-

കൊണ്ടാശു ദിങ്മുഖവുമിങ്ങനെ മങ്ങിടുന്നു

തണ്ടാർസഖൻ ഗിരിതടത്തിൽ വിവർണ്ണനായ് നി-

ന്നിണ്ടൽപ്പെടുന്നു, പവനൻ നെടുവീർപ്പിടുന്നു.

29

എന്തിന്നലിഞ്ഞു ഗുണധോരണി വെച്ചു നിന്മേൽ?

എന്തിന്നതാശു വിധിയേവമപാകരിച്ചു?

ചിന്തിപ്പതാരരിയ സൃഷ്ടിരഹസ്യ, മാവ-

തെന്തുള്ളു? ഹാ! ഗുണികളൂഴിയിൽ നീണ്ടു വാഴാ!

30

സാധിച്ചു വേഗമഥവാ നിജ ജന്മകൃത്യം
സാധിഷ്ഠർ പോട്ടിഹ സദാ നിശി പാന്ഥപാദം
ബാധിച്ചു രൂക്ഷശില വാഴ്‌വതിൽനിന്നു മേഘ-
ജ്യോതിസ്സുതൻ ക്ഷണികജീവിതമല്ലി കാമ്യം?

31

എന്നാലുമുണ്ടഴലെനിക്കു വിയോഗമോർത്തും
ഇന്നത്ര നിൻ കരുണമായ കിടപ്പു കണ്ടും
ഒന്നല്ലി നാ,മയി സഹോദരരല്ലി, പൂവേ,
ഒന്നല്ലി കയ്യിഹ രചിച്ചതു നമ്മെയെല്ലാം?

32

ഇന്നീവിധം ഗതി നിനക്കയി പോക! പിന്നൊ-
ന്നൊന്നായ്ത്തുടർന്നു വരുമാ വഴി ഞങ്ങളെല്ലാം;
ഒന്നിന്നുമില്ല നില-ഉന്നതമായ കുന്നു-

മെന്നല്ലയാഴിയുമൊരിക്കൽ നശിക്കുമോർത്താൽ.

33

അംഭോജബന്ധുവിത നിന്നവശിഷ്ടകാന്തി
സമ്പത്തെടുപ്പതിനണഞ്ഞു കരങ്ങൾ നീട്ടി;
ജൃംഭിച്ച സൗരഭമിതാ കവരുന്നു വായു
സമ്പൂർണ്ണമാ,യഹഹ! നിന്നുടെ ദായഭാഗം.

34

‘ഉത്പന്നമായതു നശിക്കു,മണുക്കൾ നിൽക്കും
ഉത്പന്നമാമുടൽ വെടിഞ്ഞൊരു ദേഹി വീണ്ടും
ഉത്പത്തി കർമ്മഗതി പോലെ വരും ജഗത്തിൽ’
കൽപിച്ചിടുന്നിവിടെയിങ്ങനെ ആഗമങ്ങൾ.

35

വേദിക്കകൊണ്ടു ഫലമില്ല, നമുക്കതല്ല
മോദത്തിനും ഭുവി വിപത്തു വരാം ചിലപ്പോൾ;
ചൈതന്യവും ജഡവുമായ് കലരാം ജഗത്തി-
ലേതെങ്കിലും വടിവിലീശ്വരവൈഭവത്താൽ.

36

ഇപ്പശ്ചിമാബ്ധിയിലണഞ്ഞൊരു താരമാരാ-
ലുത്പന്നശോഭമുദയാദ്രിയിലെത്തിടുമ്പോൾ
സത്പുഷ്പമേ! യിവിടെ മാഞ്ഞു സുമേരുവിന്മേൽ
കൽപദ്രുമത്തിനുടെ കൊമ്പിൽ വിടർന്നിടാം നീ.

37

സംഫുല്ലശോഭമതു കണ്ടു കുതൂഹലം പൂ-
ണ്ടമ്പോടടുക്കുമളിവേണികൾ ഭൂഷയായ് നീ
ഇമ്പത്തെയും സുരയുവാക്കളിലേകി രാഗ-

സമ്പത്തെയും സമധികം സുകൃതം ലഭിക്കാം.

38

അല്ലെങ്കിലാ ദ്യുതിയെഴുന്നമരർഷിമാർക്കു

ഫുല്ലപ്രകാശമിയലും ബലിപുഷ്പമായി

സ്വർല്ലോകവും സകലസംഗമവും കടന്നു

ചെല്ലാം നിനക്കു തമസഃപരമാം പദത്തിൽ.

39

ഹാ! ശാന്തിയൗപനിഷദോക്തികൾതന്നെ നൽകും

ക്ലേശിപ്പതാത്മപരിപീഡനമജ്ഞയോഗ്യം;

ആശാഭരം ശ്രുതിയിൽ വയ്ക്കുക നമ്മൾ, പിന്നെ-

യീശാജ്ഞപോലെ വരുമൊക്കെയുമോർക്ക പൂവേ!

40

കണ്ണേ, മടങ്ങുക, കരിഞ്ഞുമലിഞ്ഞുമാശു

മണ്ണാകുമീ മലരു, വിസ്മൃതമാകുമിപ്പോൾ;

എണ്ണീടുകാർക്കുമിതുതാൻ ഗതി! സാദ്ധ്യമെന്തു

കണ്ണീരിനാൽ? അവനി വാഴ്വു കിനാവു, കഷ്ടം!

# അണിയറയിൽ

മലയാളം വിക്കിഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്ത ലോകമെമ്പാടുമുള്ള നിരവധി മലയാളം വിക്കിഗ്രന്ഥശാല പ്രവർത്തകരാണു് ഈ ഇ-പുസ്തകത്തിന്റെ പിന്നിൽ. ഓരോരുത്തരെയായി പേരെടുത്ത് പറയാൻ സാങ്കേതിക പരിമിതിയും ഈ ഇ-പുസ്തകം നിർമ്മിക്കാനെടുത്ത കുറഞ്ഞ സമയവും അനുവദിക്കുന്നില്ല. വിക്കിഗ്രന്ഥശാല പ്രവർത്തകർക്ക് പുറമെ, മലയാളം വിക്കിഗ്രന്ഥശാലയുടെ പ്രാധാന്യം കണ്ടറിഞ്ഞ് പുസ്തകങ്ങളുടെ ഡിജിറ്റൽ പകർപ്പ് പങ്കു വെച്ചവർ, കൃതികൾ ഗ്രന്ഥശാലയ്ക്ക് അകത്തും പുറത്തും സംശോധനം (പ്രൂഫ് റീഡ്) ചെയ്തവർ, അങ്ങനെ നിരവധി പേരുടെ സംഭാവന ഈ ഇ-പുസ്തകത്തിന്റെ പിറകിൽ ഉണ്ട്. ഓരോ കൃതിയ്ക്കും പിറകിൽ പ്രവർത്തിച്ചവർ ആരൊക്കെയെന്ന് കാണാൻ വിക്കിഗ്രന്ഥശാലയിൽ ഈ കൃതിയുടെ സംവാദം താൾ നോക്കുകയോ, പ്രസ്തുത കൃതിയിൽ ഉൾപ്പെടുന്ന താളുകളുടെ നാൾവഴി കാണുകയോ ചെയ്യുക.

മലയാളം വിക്കിഗ്രന്ഥശാലയുടെ ആദ്യത്തെ ഇ-പുസ്തകം പുറത്തിറക്കുന്നതിൽ സഹകരിച്ച എല്ലാവർക്കും അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

മലയാളം വിക്കിഗ്രന്ഥശാല ഉപയോക്തൃസമൂഹം

2013 ജനുവരി 15

# ഈ ഇ-പുസ്തകത്തിന്റെ പകർപ്പവകാശം

ഈ ഇ-പുസ്തകത്തിന്റെ ഉള്ളടക്കം മൊത്തമായോ ഭാഗികമായോ ക്രിയേറ്റീവ് കോമൺസ് ആട്രിബ്യൂഷൻ ഷെയർ-എലൈക് അൺപോർട്ടഡ് 3.0 അനുവാദപത്രം പ്രകാരം പകർപ്പെടുക്കാനും, വിതരണം ചെയ്യാനും, പങ്കു് വെക്കാനും താങ്കൾക്കു് അനുമതിയുണ്ടു്.

# ബാദ്ധ്യതാ നിരാകരണം

ഈ ഇ-പുസ്തകത്തിന്റെ പിന്നിൽ പ്രവർത്തിച്ചവർ സാധുത സംബന്ധിച്ച യാതൊരു ഉത്തരവാദിത്തവും വഹിക്കുന്നില്ല

മലയാള ഭാഷയിലോ ലിപിയിലോ പൊതു സഞ്ചയത്തിലുള്ള പുസ്തകങ്ങൾ, മറ്റ് സ്വതന്ത്ര കൃതികൾ എന്നിവ പൊതുശേഖരം എന്ന ഉദ്ദേശത്തോടെ സന്നദ്ധസേവകരായ വ്യക്തികൾ സഹകരിച്ചു് സൃഷ്ടിച്ചു കൊണ്ടിരിക്കുന്ന സ്വതന്ത്ര ഓൺലൈൻ ഗ്രന്ഥശേഖരമാണു് വിക്കിഗ്രന്ഥശാല. വിക്കിഗ്രന്ഥശാലയിലെ സ്വതന്ത്ര ഗ്രന്ഥശേഖരത്തിലെ ഒരു പുസ്തകം മാത്രമാണ് ഭാഗമാണ് ഇത്. ഇന്റർനെറ്റ് സൗകര്യമുള്ള ആർക്കും തിരുത്താവുന്ന വിധത്തിലാണ് വിക്കിഗ്രന്ഥശാലയുടെ ഘടന. അതുകൊണ്ട് ഇതിലുള്ള ഗ്രന്ഥങ്ങൾ വിദഗ്ദ്ധർ പരിശോധിച്ച പൂർണ്ണവും, സൂക്ഷ്മവും, വിശ്വാസയോഗ്യവുമായ വിവരങ്ങളായിരിക്കണമെന്നില്ല.

മേൽപ്പറഞ്ഞിരിക്കുന്നതിനർത്ഥം ഇതിൽ നിന്നു് താങ്കൾക്ക് മൂല്യമുള്ളതും കൃത്യവുമായ വിവരങ്ങൾ ലഭിക്കുകയില്ല എന്നല്ല; മറിച്ച് താങ്കൾക്കാവശ്യമായ വിവരങ്ങളത്രയും ഇവിടെ നിന്ന് ലഭിക്കാനുമിടയുണ്ട്. എന്നിരുന്നാലും ഈ പുസ്തകത്തിന്റെ

ഡിജിറ്റൈസേഷനു പിന്നിൽ പ്രവർത്തിച്ച മലയാളം വിക്കിഗ്രന്ഥശാല സമൂഹം ഈ പുസ്തകത്തിലുള്ള വിവരങ്ങളുടെ യാതൊരു ഗുണമേന്മാ ഉത്തരവാദിത്തവും വഹിക്കുന്നതല്ല. ഈ പുസ്തകത്തിലുള്ള വിവരങ്ങൾ താങ്കൾക്ക് ഉപയോഗപ്പെടുന്നുണ്ടെങ്കിൽ നല്ലത്, ഇല്ലെങ്കിൽ അതിനു് ആരും ഉത്തരവാദികളല്ല. മറ്റ് സമാന സംരംഭങ്ങളും ഇതേപോലുള്ള നിരാകരണങ്ങൾ നൽകുന്നുണ്ടെന്നു് ശ്രദ്ധിക്കുക.